


# ആന്തരികതയിലേക്കുള്ള ക്രിസ്തുമാർഗ്ഗം

മർക്കോ. 7:1 – 13 Vol. 12, Issue: 7

ബ്ര. ജസ്റ്റിൻ തട്ടാപ്പറമ്പിൽ MCBS

**ദി**വ്യകാരുണ്യ ഈശോയിൽ സ്നേഹം നിറഞ്ഞ സഹോദരങ്ങളേ,

പന്തക്കുസ്തായിൽ ലഭിച്ച പരിശുദ്ധാത്മാഭിഷേകത്താൽ ശ്ലീഹന്മാരാൽ വളർത്തിയ തന്റെ സഭയിൽ നിന്ന് ഫലങ്ങൾ പ്രതീക്ഷിച്ച് ക്രിസ്തു കാത്തിരിക്കുന്ന കൈത്താക്കാലത്തിലാണ് നമ്മൾ.

ഇന്ന് കൈത്താക്കാലം നാലാം ഞായറാഴ്ച, വി. മർക്കോസിന്റെ സുവിശേഷം 7:1-13 വാക്യങ്ങളിലൂടെ വിശ്വാസജീവിതത്തിലെ ആന്തരികവളർച്ച ധ്യാനവിഷയമാക്കുന്നു. മാർത്തോമ്മാ ശ്ലീഹായാൽ മാർഗ്ഗം സ്വീകരിച്ചെന്ന പാരമ്പര്യത്തിന്റെ വേരുപിടിച്ച് നമ്മുടെ വിശ്വാസജീവിതത്തിന്റെ ആധികാരികതയും ആഢ്യത്വവും സമർത്ഥിക്കാൻ ഊറ്റം കൊള്ളുന്ന ഒരു സമൂഹത്തിൽ ഇന്നത്തെ വചനഭാഗം ഏറെ ചിന്തകളുയർത്തുന്നു.

നീണ്ടകാലമുള്ള ജീവിതക്രമവും ശീലങ്ങളും പിന്നീട് ഒരു പ്രത്യയശാസ്ത്രമായി മാറുകയും അത് പലപ്പോഴും ആന്തരികത നഷ്ടപ്പെട്ട് ഭൗതികതയിലേക്ക് ചുരുങ്ങാറുമുണ്ട്. ഈ ജനം അധരങ്ങൾ കൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽ നിന്ന് അകലെയാണ് എന്ന ഏശയ്യായുടെ പ്രസ്താവനയെ ഉദ്ധരിച്ച് ഈശോ ഫരിസേയരെ ഓർമ്മിപ്പിക്കുന്നത് ആന്തരികതയുടെ ആവശ്യകതയാണ്. യഹൂദ സമൂഹത്തിൽ ഫരിസേയർ നിയമപാലനത്തിൽ അതീവശ്രദ്ധ കൊടുത്തിരുന്നവരും അതിൽ അഭിമാനിച്ചിരുന്നവരുമാണ്. നിയമം വള്ളിപുള്ളി തെറ്റാതെ പാലിക്കാനുള്ള അമിതാവേശം പലപ്പോഴും അവരുടെ കണ്ണിൽ അടുത്തു നിൽക്കുന്ന സഹോദരനിലെ ദൈവികതയെ കാണാൻ സാധിക്കാതെ കാഴ്ചയെ മറയ്ക്കുന്ന തടിക്കഷണമായി നിലകൊള്ളുന്നു. നിയമപാലനത്തിന്റ അതിരുകടന്ന അവസ്ഥയിൽ ദൈവകൽപനകളുടെ അർത്ഥം അതിന്റെ ശരിയായ ദിശയിൽ നിന്നു മാറ്റുന്ന ഒരു സമൂഹത്തെ ഈശോ ഇവിടെ വിമർശിക്കുന്നു. ഇന്നത്തെ ഒന്നാം വായനയിൽ (നിയമാ. 5:16) ഇപ്രകാരം പറയുന്നു: ''നീ ദീർഘനാൾ ജീവിച്ചിരിക്കുവാനും നിന്റെ ദൈവമായ കർത്താവ് തരുന്ന നാട്ടിൽ നിനക്ക് നന്മയുണ്ടാകുവാനും വേണ്ടി അവിടുന്ന് കൽപിച്ചിരിക്കുന്നതുപോലെ നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക.'' പൗലോസ് ശ്ലീഹാ എഫേസോസുകാർക്കെഴുതിയ ലേഖനം 6:2-3 വാക്യങ്ങളിൽ ഒന്നുകൂടി നമ്മെ ഓർമ്മിപ്പിക്കും, വാഗ്ദാനത്തോടു കൂടിയ ആദ്യത്തെ കൽപന ഇതത്രെ എന്ന്.

എന്നാൽ പാരമ്പര്യവാദികളായ ഫരിസേയരെ വിമർശിക്കുന്ന ക്രിസ്തു അവരുടെ നിയമപാലനത്തിലെ അപചയത്തെ എടുത്തുകാണിക്കുന്നത് മേൽപ്പറഞ്ഞ പ്രമാണത്തിലെ ആധികാരികമായ ലംഘനത്തെ കാണിച്ചുകൊണ്ടാണ്. സന്യാസി എന്ന ക

വിതയിൽ കാവിവസ്ത്രം ധരിച്ചെങ്കിലും, രുദ്രാക്ഷ മാല അണിഞ്ഞെങ്കിലും, ഉള്ളം വെള്ളയാണെങ്കിലും ഈശ്വരദർശനം എന്ന സ്വപ്നം ഒരു ദീർഘനിശ്വാസമായി മാറുമെന്ന സത്യം നമ്മെ നടുക്കണമെന്ന് കവി ഓർമ്മിപ്പിക്കുന്നു. മാമ്മോദീസ സ്വീകരിച്ചതു മുതൽ പള്ളിയിൽ വിശുദ്ധ കുർബാന മുടക്കിയിട്ടില്ല എന്നും, മുട്ടിന്മേൽ നിന്ന് ഞാൻ ജപമാല ചൊല്ലാറുണ്ടെന്നും, മുടങ്ങാതെ കൂദാശകൾ സ്വീകരിക്കാറുണ്ടെന്നും അഭിമാനിക്കുമ്പോഴും ഓർക്കണം, ആന്തരീകത നഷ്ടപ്പെട്ടാൽ രക്ഷ ഒരു സ്വപ്നം മാത്രമായിത്തീരും. അതിനാൽ കോറിന്തോസുകാർക്കുള്ള 2-ാം ലേഖനം 17-ൽ പറയുന്നതുപോലെ, അഭിമാനിക്കുന്നവൻ കർത്താവിൽ അഭിമാനിക്കട്ടെ. എന്തെന്നാൽ, തന്നെത്തന്നെ പ്രശംസിക്കുന്നവനല്ല, കർത്താവ് പ്രശംസിക്കുന്നവനാണ് സ്വീകാര്യൻ.

സാമുവേൽ പ്രവാചകന്റെ 2-ാം പുസ്തകം 16-ാം അദ്ധ്യായത്തിൽ ദാവീദിനെ ശപിക്കുന്ന ഷിമായിയെ വധിക്കാനൊരുങ്ങിയ അബീഷായിയോട് ദാവീദ് ഇപ്രകാരം പറയുന്നു: ''എന്നെ ശപിക്കുക എന്ന് കർത്താവ് കൽപിച്ചിട്ടാണ് അവൻ അത് ചെയ്യുന്നതെങ്കിൽ അരുതെന്ന് പറയാൻ ആർക്കു കഴിയും?'' ഈ ദാവീദിനെക്കുറിച്ചാണ് ദൈവം സാക്ഷ്യപ്പെടുത്തുന്നത്, എന്റെ ഹൃദയത്തിന് ഇണങ്ങിയ മനുഷ്യൻ എന്നാണ്. 1 സാമു. 16:17 -ൽ ഇപ്രകാരം പറയുന്നു: ''മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു. കർത്താവാകട്ടെ, ഹൃദയഭാവത്തിലും.'' സമാന്തരസുവിശേഷങ്ങളിൽ ഭൃത്യന് സൗഖ്യം യാചിച്ചുവരുന്ന ശതാധിപനെ നാം കാണുന്നു. അവനെ നോക്കി ഈശോ പറയുന്നു: ''സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഇതുപോലുള്ള വിശ്വാസം ഒരുവനിൽപ്പോലും ഞാൻ കണ്ടിട്ടില്ല.'' ദേവാലയഭണ്ഡാരത്തിൽ കാണിക്ക സമർപ്പിക്കുന്ന ദരിദ്രയായ വിധവയുടെ ഹൃദയഭാവത്തെ പ്രശംസിക്കുന്ന ഈശോയെ സുവിശേഷത്തിൽ നമുക്ക് കാണാൻ സാധിക്കും.

പ്രിയമുള്ള സഹോദരങ്ങളേ, അശുദ്ധി ബാധിച്ചതിനെ കഴുകുമ്പോൾ ശുദ്ധി വീണ്ടുകിട്ടും. അശുദ്ധമായവയെല്ലാം വിശുദ്ധിയാകാൻ കഴുകപ്പെടണം. നമ്മുടെ വസ്ത്രങ്ങളിലെ അശുദ്ധി നമുക്ക് കഴുകിക്കളയാം; അതുപോലെ ശരീരത്തിന്റെയും. എന്നാൽ നമ്മുടെ മനസിന്റെ, ഹൃദയത്തിന്റെ അശുദ്ധി എങ്ങനെ കഴുകിക്കളയും? പരിസരവും വസ്തുക്കളും വസ്ത്രങ്ങളും ശരീരവും അശുദ്ധമാകുമ്പോൾ തോന്നുന്ന അസ്വസ്ഥത മനസും ആത്മാവും ഹൃദയവും ചിന്തയുമൊക്കെ അശുദ്ധമാകുമ്പോൾ തോന്നാറുണ്ടോ? ബാഹ്യമായ അശുദ്ധി മാറ്റാൻ കാണിക്കുന്ന ഒരു തിടുക്കം ആന്തരിക അശുദ്ധി മാറ്റാനായി നാം സ്വീകരിക്കാറുണ്ടോ? ജലത്തിനോ മറ്റു ലായനികൾക്കോ ആന്തരിക അശുദ്ധി കഴുകിക്കളയാൻ പറ്റുന്നില്ലെങ്കിൽ പിന്നെ എന്തുകൊണ്ടാണ് ഇവയെ കഴുകുന്നത്? അതിന് ഒരു ലായനി നാം ഉൽപാദിപ്പിക്കണം. അനുതാപത്തിന്റെ കണ്ണുനീർ. വി. അംബ്രോസ് രണ്ട് മാനസാന്തരങ്ങളെപ്പറ്റി പറയുന്നു: ''സഭയ്ക്ക് ജലവും കണ്ണീരും ഉണ്ട്. അതായത് മാമ്മോദീസായുടെ ജലവും അനുതാപത്തിന്റെ കണ്ണീരും.'' കണ്ണീരിന്റെ മാമ്മോദീസയായ വിശുദ്ധ കുമ്പസാരത്തിലൂടെ നമ്മുടെ ഹൃദയവും മനസും കഴുകി വിശുദ്ധീകരിക്കാം. ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നതുപോലെ, ''കുമ്പസാരക്കൂട്ടിൽ ദൈവം നമ്മെ കാത്തിരിക്കുകയാണ്. ആഴമായ അനുതാപവും മാനസാന്തരവും ഉണ്ടാകുമ്പോൾ ദൈവം ഇടപെട്ട് നമ്മുടെ ഹൃദയത്തെയും മനസിനെയും കഴുകി വിശുദ്ധീകരിക്കുന്നു.

പ്രിയമുള്ള സഹോദരങ്ങളേ, വളരെ ഫലപുഷ്ടിയുള്ള കുന്നിൽ കിളച്ച് കല്ലുകൾ മാറ്റി ദൈവം നട്ട വിശിഷ്ടമായ മുന്തിരിച്ചെടികളും തോട്ടത്തിനു നടുവിൽ നട്ട അത്തിവൃക്ഷവുമാണ് നാം. ഇത് ഫലാഗമനകാലമാണ്. ദൈവം ഫലം അന്വേഷിച്ചു വരുമ്പോൾ കാട്ടുമുന്തിരിപ്പഴങ്ങൾ കായ്ച്ച മുന്തിരിച്ചെടിയായും ഇലകളാൽ മാത്രം സമൃദ്ധമായ അത്തിവൃക്ഷമായും നാം നിൽക്കരുത്. മാർതോമാശ്ലീഹായുടെ ചുടുനിണം വീണ് ഫലഭൂയിഷ്ടമായ ഈ ഭാരതമണ്ണിൽ ജനിച്ചവരും ഉയർത്തപ്പെട്ട വിശുദ്ധ കുർബാനയെ നോക്കി എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന് ഏറ്റുവിളിച്ച പൂർവ്വീകരുടെ വിശ്വാസത്തെ നമ്മുടെ സത്തയുടെ ഭാഗമാക്കാൻ ശ്രമിക്കുന്നവരുമാണ് നാം. ഈ വിശ്വാസപാരമ്പര്യത്തിൽ നിലനിന്ന് നല്ല ഫലം പുറപ്പെടുവിക്കാൻ നാം പരിശ്രമിക്കണം.

കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും ഈ ബലിയിൽ വൈദികനോട് ചേർന്ന് നമുക്കും പ്രാർത്ഥിക്കാം. കർത്താവായ ദൈവമേ, കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനഃസാക്ഷിയോടും കൂടെ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിച്ച് ഭക്തിയോടും ശ്രദ്ധയോടും കൂടെ അങ്ങയുടെ ബലിപീഠത്തിൻ മുമ്പാകെ നിൽക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആദ്ധ്യാത്മികവും മാനുഷികവുമായ ബലികൾ യഥാർത്ഥ വിശ്വാസത്തോടു കൂടെ അങ്ങേയ്ക്ക് അർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യേണമേ. നല്ലവനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.